

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

email-dopkd.ksad@kerala.gov.in

ഫോൺ:0491 2520145

നം.കെ.എസ്.എ-പികെഡി9-273/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 16.04.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9-273/2021 തീയതി 16.04.2021

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-03-2019 മുതൽ 20-12-20 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	സതീശൻ.എൻ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	21-12-20 മുതൽ 30-12-20 വരെ

ശ്രീ.പ്രേമാനന്ദ്.എസ്	ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.സുസ്മിത.കെ.വി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുജാത.എ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഹിഷാം	ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി കമറുൾ ലൈല	1-4-2018 മുതൽ 31-3-2019 വരെ
സെക്രട്ടറി	ശ്രീമതി. മല്ലിക	1-4-2018 മുതൽ 21-6-2018 വരെ
	ശ്രീ.സിഫി.പി	22-6-2018 മുതൽ 3.11.18 വരെ

	പി.സുരേഷ് ബാബു	4.11.18 മുതൽ 31.3.19 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	നീതു ചന്ദ്രൻ	1-4-2018മുതൽ 5.04.2018വരെ
	നിമിഷ ആഗസ്റ്റിൻ	6.4.18 മുതൽ 31.3.19 വരെ
വി.ഇ.ഒ -	ശ്രീ.അബ്ദുൾ ഗഫൂർ	1-4-2018മുതൽ 31.3.2019വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.റംല	1-4-2018മുതൽ 6-9-2018 വരെ
	ശ്രീലത.	6-9-2018മുതൽ 26-9-2018 വരെ
	ശ്രീമതി.മേരി മാനസ	26.9.18 മുതൽ 31.3.19 വരെ
അസിസ്റ്റന്റ് എഞ്ചിനിയർ	ശ്രീമതി.സിനി.ബി.എസ്	1-4-2018മുതൽ 17-06-2018 വരെ
	ശ്രീ.എൻ.എ.രാജൻ	18.6.18 - 5.9.18 1.1.19 - 6.1.19
	ശ്രീമതി.ഷെലി.എം.കെ	5-09-2018മുതൽ 1.1.19 വരെ
	ശ്രീമതി.രമ്യ രത്നം	7.1.19 മുതൽ 31-3-2019വരെ
മെഡിക്കൽ ഓഫീസർ-PHC	ഡോ.ഷാനവാസ്	1-4-2018 മുതൽ വരെ 17-7-2018 വരെ

	ഡോ.ലീ മോഹൻ	18.7.18 മുതൽ 31.3.19 വരെ
മെഡിക്കൽ ഓഫീസർ-ആയുർവേദം	ഡോ.അസ്മ	1-4-2018മുതൽ 15-7-2018 വരെ
	ഡോ. നടാഷ	15-7-18 മുതൽ 31.3.19 വരെ
മെഡിക്കൽ ഓഫീസർ-ഹോമിയോ	ഡോ.നസ്റീൻ മൂസ	1-4-2018 മുതൽ 31-3-2019 വരെ
വെറ്ററിനറി സർജ്ജൻ	ഡോ.ജയചന്ദ്രൻ പി.കെ	1-4-2018 മുതൽ 31.3.19 വരെ
ഹെഡ് മാസ്റ്റർ	രാധാകൃഷ്ണൻ	1-4-2018 മുതൽ മുതൽ 31.3.19 വരെ
അസി.സെക്രട്ടറി	ശ്രീ.സിഫി.പി	6-8-2018 മുതൽ-17-11-18 വരെ
	ശ്രീമതി.ലിജി.കെ.എൽ	19.11.18 മുതൽ 31.3.19 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	പ്രിയ പി.ബി	1-4-2018 മുതൽ 22-5-2018 വരെ 4.6.18 മുതൽ 26.7.18
	രശ്മി.കെ.ജി	22.5.18 – 4.6.18
	ശ്യാമ.എം.എ	16.3.19 മുതൽ 31.3.19 വരെ

ഉള്ളടക്കം

ഭാഗം I

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	കാഷ് പരിശോധന	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12
13	വസ്തുനികുതി കുടിശ്ശിക	1-13
14	തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-14
15	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ	1-15
16	മാവേലി സ്റ്റോർ വാടക ഈടാക്കിയിട്ടില്ല	1-16
17	അസാധാരണ ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്	1-17
18	മുൻകൂർ യാത്രാബത്ത-തിരികെ ഈടാക്കേണ്ടതാണ്	1-18
19	പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ടതാണ	1-19
20	ഫോട്ടോസ്റ്റാറ്റ്മഷീൻ വാങ്ങൽ-പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല	1-20
21	കുടുംബശ്രീ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല	1-21
22	വാട്ടർടാങ്ക് വിതരണ പദ്ധതി-ഫയലുകൾ ലഭ്യമായില്ല	1-22
23	ലൈഫ് പദ്ധതി അവലോകനം	1-23
24	ആശ്രയ പദ്ധതിക്കായുള്ള ഫണ്ട് ഫലപ്രദമായി ഉപയോഗിച്ചില്ല	1-24

25	കറവപശു വാങ്ങൽ പദ്ധതി-തുക തിരികെ ഈടാക്കേണ്ടതാണ്	1-25
26	പഞ്ചായത്തിലെ എൽ പി സ്കൂളുകളിൽ ഡിജിറ്റൽ ക്ലാസ് റൂം ഒരുക്കൽ- പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങി	1-26
27	പാലിന് സബ്സിഡി പ്രോജക്ട്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.	1-27
28	വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്	1-28
29	അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതുവായ കാര്യങ്ങൾ	
30	അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് ആവിഷ്ക്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-30
31	കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കണം	1-31
32	ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ അവസാനബിൽ തുക അനുവദിച്ചത്-അധികം നൽകിയ തുക തിരികെ ഈടാക്കണം	1-32
33	മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല	1-33

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

-പരാമർശങ്ങൾ ഇല്ല-

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	കറവപശു വാങ്ങൽ പദ്ധതി-തുക തിരികെ ഈടാക്കണം	3-1
2	ടെണ്ടർ വേരിയേഷൻ കുറവുചെയ്യാതെ അവസാനബിൽതുക അനുവദിച്ചത	3-2
3	മരാമത്ത് പ്രവൃത്തി പൂർത്തീകരണ വൈകിയതിന് പിഴ ഈടാക്കണം	3-3

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരം	4-4
5	സ്ഥിരനിക്ഷേപം	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11

ഭാഗം -1
പൊതു അവലോകനം
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

27-03-2018 തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചു.
മുന്നിരിപ്പ് – 3543577
വരവ് – 168715000

ആകെ – 172258577
ചെലവ് – 169244235
നീക്കിയിരുപ്പ് – 3014342

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-7-19	27.5.19	-	-

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19		നം.കെ.എസ്.എ-പികെഡി.21 997/2019(74) തിയതി:26-8-2019

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2191586
വരവ്	93272146
ആകെ	95463732
ചെലവ്	85548524
നീക്കിയിരിപ്പ്	9915208

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	13938000	13938000	12394902	1543098
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	7925000	7925000	7361704	563296
വികസന ഫണ്ട്-ടി.എസ്.പി	0	104000	104000	104000 (റീഫണ്ട്)	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	21759000	21759000	19443867	2315133
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	2877000	2877000	2845856	31144
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ	0	8303693	8303693	4738658	3565035

(ACR പ്രകാരം)						
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	0	23904119	23904119	23904119	0
	അഡ്മിനി സ്ട്രേറ്റീവ് ചെലവ്	2928	969504	972432	962453	9979
കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ		1305708	2195367	3501075	160000	3341075
കേന്ദ്രാവിഷ്കൃതം- ICDS		663437	541375	1204812	658083	546729
ജോയിന്റ് വെഞ്ചർ അക്കൗണ്ട് (RP പ്രകാരം)*	ബ്ലോക്ക് പഞ്ചായത്ത്	0	2443576	2443576	1951039	492537
	ജില്ലാ പഞ്ചായത്ത്	0	4766972	4766972	3304431	1462541
ബി ഫണ്ട്		0	390000	390000	390000	0
തനത് ഫണ്ട	SBIബാങ്ക് അക്കൗണ്ട്	229379	28319819	28549198	26402063	2147135
	CSCBഅക്കൗണ്ട്	1777351	7004514	8781865	6942136	1839729

Note – 1പദ്ധതി ഫണ്ടുകൾ- വാർഷികകണക്ക് പ്രകാരമുള്ള ചെലവാണ് മുകളിലെ പട്ടികയിൽ ചേർത്തിട്ടുള്ളത്. appropriation control register പ്രകാരമുള്ള ചെലവ് താഴെ ചേർക്കുന്നു.

വികസന ഫണ്ട്- ജനറൽ	12396902
വികസന ഫണ്ട്- എസ്.സി.പി	7384528
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	4868658

2. ജോയിന്റ് വെൻചർ അക്കൗണ്ടിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാംഖ്യ ലെഡ്ജറിൽ വരവ് ചെലവ് വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. RP പ്രകാരമുള്ള കണക്കാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
336	127160109	241	70436621	95	71.73

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	11	11	2611900	1847850	70.75
വെറ്ററിനറി സർജ്ജൻ	5	3	3430000	975000	28.43
ICDS സൂപ്പർവൈസർ	8	6	4556966	3170298	69.57
സെക്രട്ടറി	30	21	5848593	4070296	69.59
അസിസ്റ്റന്റ് എഞ്ചിനീയർ	245	169	47156844	29322827	62.18
മെഡിക്കൽ ഓഫീസർ-PHC	5	5	935000	883522	94.49
മെഡിക്കൽ ഓഫീസർ-ISM	2	2	450000	450000	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000	100
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	350000	350000	100
അസി.സെക്രട്ടറി	7	5	3794750	884622	23.31
വി.ഇ.ഒ	13	11	56441800	26948000	47.74
ഹെഡ് മാസ്റ്റർ	8	6	1384256	1334206	96.38
ആകെ	336	241	127160109	70436621	55.39

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2928	969504	972432	962453	9979
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	23904119	23904119	23904119	0

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	270000	162
കർഷകതൊഴിലാളി പെൻഷൻ	3850100	329
വിധവാപെൻഷൻ	14223100	1091
വാർദ്ധക്യകാലപെൻഷൻ	19398400	1615

വികലാംഗപെൻഷൻ	3802600	290
50 വയസ്സുകഴിഞ്ഞ അവിവാഹിത കൾക്കുള്ള ധനസഹായം	1255500	97

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-20 ന് 2.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2873 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം:

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. **ഇന്റേർണൽ ഓഡിറ്റിന്റെ** ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നുണ്ട്. റിവൈസ്ഡ് **ബഡ്ജറ്റ്** തയ്യാറാക്കിയിട്ടില്ല. ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റവേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ 3 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ

ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. **എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്.** വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം **ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്.** എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. അനൗൺസ്മെന്റ്, കാമ്പ് കലക്ഷൻ, ഫീൽഡ് കളക്ഷൻ, കുടുംബശ്രീ മുഖേന നോട്ടീസ് നൽകൽ നികുതികൾ എന്നീ മാർഗങ്ങൾ നികുതി പിരിച്ചെടുക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. വസ്തു നികുതി 2018-19ൽ 78% മാത്രമാണ് പിരിച്ചെടുത്തത്. ജീവനക്കാർ കൂട്ടായ ശ്രമം നടത്തി കുടിശിക പിരിച്ചെടുക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ

സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി **ആസ്തി രജിസ്റ്റർ 31.3.2019 വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ** മുഴുവൻ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രമം നടത്തേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുണ്ട്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്.

2018-19 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

ഇനം	ലഭിച്ച തുക	ചെലവ്	ശതമാനം
പ്ലാൻ (ജനറൽ)	13938000	12396902	88.94
പ്ലാൻ (എസ്.സി.പി)	7925000	7361704	92.89
വികസന ഫണ്ട്-ടി.എസ്.പി	104000	104000	100
ധനകാര്യ കമ്മീഷൻ അവർഡ്	8303693	4738658	57.07
മെയിന്റനൻസ് ഫണ്ട് (റോഡ്)	21759000	19443867	89.36

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	2877000	2845856	98.92

ചെലവഴിക്കാത്ത സർക്കാർ ഗ്രാന്റുകൾ അടുത്ത വർഷം ലഭിക്കാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായും ചെലവഴിച്ച് ഗ്രാമത്തിന്റെ വികസനം ഉറപ്പുവരുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.11.20	7/20. 8/20	നമ്പർ-274/2018/23.11.20
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04-03-2014	2008-09 മുതൽ 2012-13 വരെ	എൽ.ബി.എ (എച്ച്.ക്യു) VI/8-ബി-914/2013-14/18 dt.17.04.2014

1-12 വാർഷികകണക്കുകളിലെ അപാകതകൾ

സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. പ്ലാൻ ഫണ്ട് (ജനറൽ. എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്) എന്നിവ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും വാർഷികകണക്കിലേയും (RP) തുകകൾ പൊരുത്തപ്പെടുന്നില്ല.

2. സംയുക്ത പ്രൊജക്ടുകളുടെ ഇനം തിരിച്ചുള്ള വിവരം, തനത് ഫണ്ടിൽ നിക്ഷേപിച്ച മറ്റ് ഗ്രാന്റ് തുകകൾ എന്നിവയുടെ വിവരം ലഭ്യമല്ല

1-13 വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്

2018-19 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം തൻവർഷത്തെ വസ്തു നികുതിയിൽ 423581 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 542545 രൂപയും അടക്കം ആകെ 9,66,126 രൂപ 2018-19 വർഷാവസാനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. പ്രസ്തുത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/30.12.2020) ഗ്രാമപഞ്ചായത്തിൽ തസ്തിക പ്രകാരം അനുവദിക്കപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥരുടെ കുറവ് മൂലം വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയാറില്ല.നിലവിൽ മതിയായ ഫീൽഡ് ഉദ്യോഗസ്ഥർ ഓഫീസിൽ ജോലിയിലുള്ളതിനാൽ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത്

വരുമാനമായ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ശ്രദ്ധ നൽകേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്ററിലെ വിവരങ്ങളും തൊഴിൽ നികുതി രജിസ്റ്ററും താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

ക്രമ നമ്പർ	ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ	സ്ഥാപനം
1	1	പാതാരി കപാറി വർക്ക്സ്
2	5	ലൈവ് ചിക്കൻ പ്രോസസിംഗ് & കോൾഡ് സ്റ്റോറേജ്
3	14	സോമിൽ
4	19	ആഫിയ പോളിക്ലിനിക്ക്
5	40	ഹോളോബ്രിക്സ് ,സിമന്റ് പ്രോഡക്ട്സ് നിർമാണം
6	45	ഗ്യാസ് ഗോഡൗൺ
7	50	ഇക്റ ഡന്റൽ ക്ലിനിക്ക്
8	52	ഡെന്റൽ ക്ലിനിക്ക്
9	65	തള്ളച്ചിറ കരിങ്കൽ കപാറി
10	66	തൊടുകാപ്പ് കരിങ്കൽ കപാറി

11	69	ഹോമിയോ ക്ലിനിക്ക്
12	72	ടൈൽസ് വേൾഡ്
13	94	പാക്കിഡ് ഫുഡ് ഏജൻസീസ്
14	93	സ്പാൻ ബിൽഡേഴ്സ്
15	99	യമഹ ബൈക്ക് ഷോറൂം
16	140	ഇൻഡസ് മോട്ടോഴ്സ്
17	144	ഹോണ്ട ഷോറൂം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/29.12.12020) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അനുവദിക്കുന്ന സമയത്ത് സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി റിട്ടേൺ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി പരിധിയിൽ വരുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2018-19വർഷം ലൈസൻസുകൾ അനുവദിച്ചപ്പോൾ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തി.

1. ലൈസൻസ് ഫീ കുറവായി ഈടാക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017 ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടത്തിലെ ചട്ടം 10 ലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് താഴെ പറയുന്ന രീതിയിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

ക്രമ നം.	വ്യവസായ സ്ഥാപനത്തിന്റെ തരം	മൂലധന നിക്ഷേപം	ചുമത്താവുന്ന പരമാവധി തുക
1	മൈക്രോ	ഉത്പാദന മേഖല- 25 ലക്ഷത്തിൽ കൂടാത്തത് സേവന മേഖല- 10 ലക്ഷത്തിൽ കൂടാത്തത്	500/-
2	മിനി	ഉത്പാദന മേഖല-25 ലക്ഷം രൂപയിൽ കൂടുതൽ 1 കോടി രൂപ വരെ സേവന മേഖല- 10 ലക്ഷം രൂപയില് കൂടുതൽ 50 ലക്ഷം വരെ	1000/-
3	സ്മാൾ	ഉത്പാദന മേഖല-1 കോടി രൂപയിൽ കൂടുതൽ 5 കോടി രൂപ വരെ സേവന മേഖല-50 ലക്ഷം രൂപയിൽ കൂടുതൽ 2 കോടി രൂപ വരെ	5000/-
4	മീഡിയം	ഉത്പാദന മേഖല-5 കോടി രൂപയിൽകൂടുതൽ 10 കോടി രൂപ വരെ സേവന മേഖല-2 കോടി രൂപയിൽ കൂടുതൽ 5 കോടി രൂപ വരെ	10000/-
5	ലാർജ്ജ്	ഉത്പാദന മേഖല-10 കോടി രൂപയിൽ കൂടുതൽ	15000/-

		സേവന മേഖല- 5 കോടി രൂപയിൽ കൂടുതൽ	

ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തിലെ ഭൂരിഭാഗം ലൈസൻസ് അപേക്ഷകളിലും ഇതിൽ നിന്നും വ്യത്യസ്തമായി കുറഞ്ഞ തുകകളാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ	സ്ഥാപനം	ഈടാക്കിയ ഫീസ്	ഈടാക്കാവുന്നത്
2	ബേക്കറി	100	500
8	പലചരക്ക് വ്യാപാരം	100	500
12	ബേക്കറി	100	500
19	ആഫിയ പോളിക്ലിനിക്ക്	200	500
25	പോളിക്ലിനിക്ക്	100	500
29	ഓഫീസ് ആവശ്യത്തിന്	100	500
37	മരമിൽ	300	500

നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും 2018-19 സാമ്പത്തിക വർഷത്തിൽ അപ്രകാരം ചെയ്തിട്ടില്ല.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ (കള്ള് ഷാപ്പുകൾ ഉൾപ്പെടെ)-(ക്രമ നമ്പർ 139), റേഷൻ റീടെയിൽ ഷോപ്പുകൾ (ക്രമ നമ്പർ 149) തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

3. 2017-18 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.2017-18 സാമ്പത്തിക വർഷത്തേക്ക് ആകെ 194 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തേക്ക്

ആകെ 158 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ് 62350 രൂപ എന്നതിൽ നിന്നും 59150 രൂപയായി കുറവ് വന്നിട്ടുണ്ട്.
മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/29.12.12020) 2020-21 വർഷം മുതൽ എല്ലാ സ്ഥാപനങ്ങൾക്കും കുറഞ്ഞത് 500 രൂപ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ട്,എല്ലാ അങ്കണവാടി,റേഷൻ ഷോപ്പുകളെയും 2020-21 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതാണ്, ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാതിരുന്നതിനാലാണ് എല്ലാ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭ്യമാക്കി ലൈസൻസ് നൽകാൻ കഴിയാതിരുന്നത് എന്നീ മറുപടികളാണ് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്.വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ പൂർണ്ണമായും ഒഴിവാക്കാനുള്ള കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 മാവേലി സ്റ്റോർ വാടക ഈടാക്കിയിട്ടില്ല
04/02/2013 തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.301/2013/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അഞ്ചു വർഷത്തെക്ക് വാടക രഹിത കെട്ടിടം അനുവദീക്കാവുന്നതാണ്. രണ്ടാമത് ആരംഭിക്കുന്ന കെട്ടിടങ്ങൾക്ക് അത് പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിതകെട്ടിടവും അനുവദിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ (കെട്ടിട നമ്പർ 4/131 , 132) 2004-05 മുതൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോർ ഓഡിറ്റ് കാലയളവിലും വാടകകൂടാതെ തന്നെയാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/30.12.2020) പ്രസ്തുത കെട്ടിടത്തിൽ നിന്നും വാടക ഈടാക്കാൻ ഭരണ സമിതി നാളിത് വരെ തീരുമാനമെടുത്തിട്ടില്ല.എന്നാൽ മാവേലി സ്റ്റോറിന്റെ വാടക അനുവദിക്കണമെന്നാവശ്യപ്പെട്ട് സിവിൽ സപ്ലൈസ് അധികൃതർക്ക് കത്ത് നൽകിയിട്ടുള്ളതാണ് എന്നും ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാൻ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അസാധാരണ ചെലവുകൾ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ

ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എതൊക്കെയെന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ മറ്റു ചെലവ് ഹെഡുകളിൽ (Administration &other exp) ഉൾപ്പെടുത്തിയതായി കാണുന്നു. അസാധാരണ ചെലവ് സംബന്ധിച്ച രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷം മറ്റ് ഹെഡുകളിലായി അക്കൗണ്ട് ചെയ്ത ചെലവുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

വൗച്ചർ നം./ തിയതി	തുക	ചെലവിനം
21800231/26.6.18	2000	ലക്കിടി കുഞ്ഞൻ നമ്പ്യാർ സ്മാരകം - സംഭാവന
21800289/13.7.18	16640	SSLC, പ്ലസ് 2 വിജയികൾക്ക് മൊമന്റോ
21800721/10.12.18	10000	കേരള സ്റ്റേറ്റ് ബ്ലൈന്റ് ഗെയിംസ് - സംഭാവന
21800907/23.2.19	7250	കട്ടിൽ വിതരണം - പന്തൽ etc
21800908/23.2.19	1900	കട്ടിൽ വിതരണം - സൗണ്ട് സിസ്റ്റം

ഭാവിയിൽ അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/29.2.2020 ന് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-18 മുൻകൂർ യാത്രാബത്ത - തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നമ്പർ 21800069/24.4.18 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി - ശ്രീ.പി. സിഫിക്ക് 2000 രൂപ മുൻകൂർ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാണ് തുക നൽകിയത്. നാളിതുവരെ മുൻകൂർ യാത്രാബത്ത ക്രമീകരിച്ചിട്ടില്ല.KFC article 88 പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസാവസാനത്തിന് മുൻപായി അന്തിമയാത്രാ ബത്ത ബില്ലിൽ മുൻകൂർ പൂർണ്ണമായും ക്രമപ്പെടുത്തേണ്ടതാണ്. 3 മാസത്തിനകം ക്രമീകരിച്ചില്ല എങ്കിൽ 18 % പിഴ ഈടാക്കേണ്ടതാണ് എന്ന് സ.ഉ (അ) 197/13/ധനം/ 30.4.13 ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ മേൽ വ്യവസ്ഥകളൊന്നും പാലിക്കാതെ,മുൻകൂർ യാത്രാബത്ത ക്രമീകരിക്കാതെ 18.11.18 ൽ പ്രസ്തുത ജീവനക്കാരനെ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ചതിനെതുടർന്ന് വിടുതൽ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻകപയറിക്ക്-12/29.12.20 - മറുപടിയായി മുൻകൂർ ക്രമീകരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. 4/18 ൽ നടത്തിയ യാത്ര കഴിഞ്ഞ് നിലവിൽ 2 വർഷത്തിലധികമായതിനാൽ പ്രസ്തുത തുക നിയമാനുസൃതം ക്രമീകരിക്കാവുന്നതല്ല. അതിനാൽ പലിശ സഹിതം മുൻകൂർ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി) നം 7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ. (പി) നം 146/2018 ഫിൻ തീയതി.16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം 111 ഗഡു പി.എഫിലേക്കും IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഗഡു	വൗച്ചർ നമ്പർ/ തീയതി	തുക	റിമാർക്സ്
11 & 111	21800058/19.4.18	94421	2 ജീവനക്കാരുടെ
“	21800059/19.4.18	177063	7 ജീവനക്കാരുടെ
“	21800215/20.6.18	11429	സെക്രട്ടറി-ശ്രീ. ഷാഫി
1V	21800549/11.10.18	28892	1 ജീവനക്കാരൻ
1V	21800583/25.10.18	20321	1 ജീവനക്കാരൻ

1V	21800647/13.11.18	11024	സെക്രട്ടറി- ശ്രീ. ഷാഫി

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതായി കാണുന്നില്ല.ഓഡിറ്റ് എൻകൃയറിക്ക്-(12/29.12.20) മറുപടിയായി തുക ഒടുക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - പ്രൊക്യുർമെന്റ് മാർഗനിർദേശങ്ങൾ പാലിച്ചില്ല
പ്രൊജക്ട് - പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീനും പ്രിന്ററും വാങ്ങൽ (408/19)

നിർവഹണം - സെക്രട്ടറി

അടങ്കൽ- 150000

ചെലവ് - 150000

ചെലവ് - ബിൽ -24/29.12.19

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 6-10-2018ന് നടത്തിയ ടെൻഡറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന ഇനങ്ങളാണ്

1. 3 in one Laser jet Printer

2. Photostat machine – (Branded, authorized dealer)

Specification

Size -A3

Speed -23 CPM above

Function- copy, print, color scan

Memory-512 MB or above

Resolution-2400*600 DPI

Multiple copy 1X999

Electronic sort copy, Rotat sort Copy, ID copy automatic paper selection, Copying (2 in 1,4 in 1)

Interface- Hispeed USB 2.0/ standard-10/100 Base – network OS-windows/linux/Mac

ലഭ്യമായ ടെണ്ടറുകളുടെ(for photocopier) വിവരം താഴെ ചേർക്കുന്നു

സ്ഥാപനം	ഇനം	നിരക്ക്	ടാബുലേഷൻ സ്റ്റേറ്റ്മന്റിലെ റിമാർക്സ്
കാൻഡിഡ് സിസ്റ്റംസ് പെരിന്തൽമണ്ണ	Toshiba E-studio 2303A Spec Size -A3 Speed -23 CPM – copy/print scan speed- 25 IPM - Function- copy, color scan,scan to usb Memory-512 MB processor- 360MHZ Tray capacity- 1X250+ 100 sheets bypass Resolution- 2400*600 DPI Multiple copy 1X999 Electronic sort copy, Rotate sort Copy, ID copy automatic paper selection, (2 in 1,4 in 1) Interface- Hispeed USB 2.0 OS-windows	39200	
	Toshiba E studio -2309 A Copy,duplex, color scanner , network printer. Other spec – same as above	53250	
	Toshiba E studio -2809 A	94500	

	Copy,duplex,RADF, color scanner , network printer. Tray capacity – 1x250+100 sheets bypass) Other spec – same as sl.no-1)		
	Toshiba E studio -2309 A Copy,duplex,RADF, color scanner , network printer. Tray capacity – 2x250+100 sheets bypass) Other spec – same as sl.no-1)	112500	
Excel Business system	SHARP multi function photocopier-2520 D- Resolution 1200x600 DPI	97400	
	SHARP MX M265N with MX CS12	119740	*Best configuration
Nisdon Infoway	Printer copier scanner- resoln-600x600 dpi monochrome laser	19872	
	Canon IR 2525 w (25 PPM)	126022	
Akshara enterprise	CanonIR2004 speed 20 ppm – (A4) paper capacity -300	52800	
Bright marketing co	Thoshiba 2309A Same as sl.no2 of candid	45000	
	Thoshiba 2309A	65000	
	Kyocera 2201	72000	
	Kyocera 3011 i	120000	*Best configuration
	Ricoh 2014AD	85000	

ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് candid system എന്ന

സ്ഥാപനത്തിന്റെ Toshiba E-studio 2303A –(39200 രൂപ)എന്ന ഫോട്ടോസ്റ്റാറ്റ് മെഷീനാണ് . ഫയലിൽ സൂക്ഷിച്ച Tabulation sheet ൽ best configuaration എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് Kyocera 3011 i, SHARP MX M265N with MX CS12 എന്നിവയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ പദ്ധതി സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ പദ്ധതി / പർച്ചേസ് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. 26.10.18 ലെ ഭരണസമിതി തീരുമാനം 5 പ്രകാരം " *സമീപപഞ്ചായത്തുകളിലും മറ്റും ഉപയോഗിക്കുന്ന മെഷീന്റെ ഗുണമേന്മ പരിശോധിച്ചതിൻ പ്രകാരവും പഞ്ചായത്തിന് സമീപം സർവീസ് സെന്റർ ഉള്ളതിനാൽ എളുപ്പത്തിൽ സർവീസ് ലഭിക്കുമെന്നതിനാലും candid system, perinthalmanna എന്നവരുടെ ടെണ്ടർ അംഗീകരിച്ചു."* ഭരണസമിതി തീരുമാനത്തിലും 31.10.18 ന് *candid system* ന് നൽകിയ സപ്ലൈ ഓർഡറിലും ഏത് ഇനമാണ് നൽകേണ്ടത് എന്ന് പറഞ്ഞിട്ടില്ല.
5/2.11.18 നമ്പരായി സ്ഥാപനവുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. 23-11-18 ലെ invoice CST 437 പ്രകാരം താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.
Estudio 2309 A – 52966

RADF MR – 3029- 25424

Paper feedunit (1 no)- 16949

voltage stabilizer – 4661

metal desk – 5508

canon MF 3010 printer - 21610

Total tax - 22881

Total - **150000**

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ (ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇനമാണ് തിരഞ്ഞെടുക്കേണ്ടത്.
6.12.18 ലെ പഞ്ചായത്ത് കമ്മിറ്റി മിനുട്സിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.
" പദ്ധതിയുടെ ടെണ്ടർ സ്വീകരിച്ചതിലും പർച്ചേസിംഗ് കമ്മിറ്റിയുടെ വ്യക്തമായ തീരുമാനമില്ല.ടാബുലേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടുമില്ല. ടെണ്ടർ ക്ഷണിക്കുകയും അംഗീകരിക്കുകയും ചെയ്ത സമയത്ത് ചുമതലയിലുണ്ടായിരുന്ന ജീവനക്കാർ ആയത് സംബന്ധിച്ച് യാതൊരു നിർദ്ദേശമോ ടാബുലേഷൻ തയ്യാറാക്കി സമർപ്പിക്കുകയോ പർച്ചേസിംഗ് കമ്മിറ്റി യോഗത്തിൽ വിശദീകരണം നൽകുകയോ ചെയ്യാത്തതിനാലും പഞ്ചായത്ത് ഭരണസമിതിയുടെയും

മുൻസെക്രട്ടറിയുടെയും ഉത്തരവാദിത്വത്തിൽ ബിൽ തുക അനുവദിക്കാൻ തീരുമാനിച്ചു."
ഓഡിറ്റ് എൻകൗയറിക്ക് (4/23.12.20) നൽകിയ മറുപടിയിൽ ഉയർന്ന ഗുണനിലമാരമുള്ള ഇനമാണ് വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭ്യമായ ടെണ്ടറിൽ ഉയർന്ന സ്പെസിഫിക്കേഷനുള്ളവ വാങ്ങുന്നത് ടെണ്ടർ നടപടിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ലഭ്യമായ ടെണ്ടറുകൾ സാങ്കേതികവിദഗ്ദൻ പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമില്ല. പ്രൊക്യുർമെന്റ് നിബന്ധനകൾ പാലിക്കാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 73300 രൂപയുടെ (112500- 39200) അധികചെലവ് ഉണ്ടായിട്ടുണ്ട്.
ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലുകൾക്കായി ചെലവഴിച്ച 125000 രൂപ തടസ്സപ്പെടുത്തുന്നു.

1-21 കുടുംബശ്രീ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല:
2018-19 വർഷത്തിൽ കുടുംബശ്രീ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പ്പറയുന്ന രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

പദ്ധതിയുടെ പേര്	പ്രൊജക്ട് നം.	വകയിരുത്തിയ തുക
വനിതകൾക്ക് സ്വയം തൊഴിലിന് ധനസഹായം	382/19	150000(വികസനഫണ്ട്)
പരമ്പരാഗത തൊഴിൽ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ധനസഹായം	378/19(സ്റ്റീൽ ഓവർ)	640000 (വികസനഫണ്ട്270000,തനത് ഫണ്ട് 50000, മറ്റുള്ളവ 320000)

അംഗീകാരം ലഭ്യമാക്കിയ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം.7/24.12.2020) ആവശ്യമായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതുകൊണ്ടാണ് പദ്ധതികൾ നടപ്പിലാവാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണം, അർഹത എന്നിവയൊന്നും വിലയിരുത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രൊജക്ട് തയ്യാറാക്കുമ്പോൾതന്നെ പദ്ധതി ഫീസിബിൾ ആണോയെന്ന് വിലയിരുത്തേണ്ടതും അതിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തണ്ടതുമാണ്.

1-22 വാട്ടർടാങ്ക് വിതരണപദ്ധതി-ഫയലുകൾ ലഭ്യമാക്കിയില്ല:

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.377/19- പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (സ്പിൽ ഓവർ)

അടങ്കൽ-204750(വികസനഫണ്ട്-156250,തനത്-2000,മറ്റുള്ളവ-46500)

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ട്രഷറി ബിൽനം. 2/9.10.2018 പ്രകാരം 15000 രൂപ പിൻവലിച്ചിട്ടുണ്ട്. തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ള ബിൽ, ഗുണഭോക്താക്കളുടെ അർഹതാരേഖകൾ, ഗുണഭോക്തൃലിസ്റ്റ്, ടാങ്ക് വാങ്ങിയതിന്റെ ബിൽ എന്നീ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.7/24.12.2020) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലുള്ള ചെലവ് തുക 15000 രൂപ തടസപ്പെടുത്തുന്നു.

1-23 ലൈഫ് പദ്ധതി-അവലോകനം:
നിർവ്വഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ

2018-19 വർഷത്തിൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻവർഷം രണ്ട് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.	പേര്	അടങ്കൽ	ഗുണഭോക്താക്കളുടെ എണ്ണം
370/19 (സ്പിൽ ഓവർ)	ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് തുക നൽകൽ (ജനറൽ)	380000	7
371/19 (സ്പിൽ ഓവർ)	ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് തുക നൽകൽ (എസ് സി പി)	120000	2

മേൽപ്പറഞ്ഞ പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. 279 പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 226പേരും എസ് സി 53പേരും ഉൾപ്പെട്ടിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ 17 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽ 81പേരും ഉൾപ്പെടെ ആകെ 98 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, എന്നിവയാണ് ഫണ്ട് സ്ത്രോതസ്സുകൾ . സംസ്ഥാനാവിഷ്കൃതവിഹിതം 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (പ്രൊജക്ട് നം.150/19)-ജനറൽ

ഫണ്ട്	അടങ്കൽ	2018-19 വർഷത്തെചെലവ്
പ്ലാൻ ഫണ്ട്	2960000	2960000
ബ്ലോക്ക് പഞ്ചായത്ത്	555100	275100
ജില്ലാ പഞ്ചായത്ത്	818570	773898
മറ്റിനം(വായ്പ്പ)	35666330	15851002
ആകെ	40000000	19860000

ജനറൽ വിഭാഗത്തിൽ 2018-19 വർഷത്തിൽ എഗ്രിമെന്റ് വെച്ച എല്ലാവരും ഭവനനിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (152/19)-എസ്.സി.പി

ഫണ്ട്	അടങ്കൽ	ചെലവ്
പ്ലാൻ ഫണ്ട്(എസ്.സി.പി)	1600000	1660000
ബ്ലോക്ക് പഞ്ചായത്ത്	944217	864217
ജില്ലാപഞ്ചായത്ത്	2413153	2375783
ലോൺ	5842630	0
ആകെ	10800000	4840000

എഗ്രിമെന്റ് വെച്ച 17 ഗുണഭോക്താക്കളും നിലവിൽ ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്

ഹഡ്കോ ലോൺ

2018-19 ൽ 15851002രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്.

സർക്കാർ വിഹിതം
സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 9160000 രൂപ ലഭ്യമാവുകയും ആയത് പൂർണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല
ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുബൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ്

12 വർഷത്തേക്ക് വീട് കൈമാറ്റം ചെയ്യുന്നതല്ലെന്ന് രേഖപ്പെടുത്തിയ എഗ്രിമെന്റും ഓരോ ഗുണഭോക്താവിന്റെയും അർഹത തെളിയിക്കുന്ന രേഖകളും ഉൾപ്പെടെ ഗുണഭോക്താവിന്റെ ക്രമനമ്പറിന്റെ അടിസ്ഥാനത്തിൽ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഗഡുക്കൾ കൈപ്പറ്റുന്നതിന്റെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, ഫോട്ടോ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. നിലവിൽ എഗ്രിമെന്റ് ചമച്ചിട്ടുള്ളതും നിർമാണപ്രവവൃത്തി വിവിധ ഘട്ടങ്ങളിലുള്ളതുമായ ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1-24 ആശ്രയ പദ്ധതിക്കായുള്ള ഫണ്ട് ഫലപ്രദമായി ഉപയോഗിച്ചില്ല

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഗുണഭോക്താക്കൾക്കായി താഴെപ്പറയുന്ന പദ്ധതി ആവിഷ്കരിച്ച് തുക പിൻവലിച്ച് കുടുംബശ്രീയുടെ വിജയാബാങ്കിലുള്ള 202601011001486 എന്ന അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

പദ്ധതിയുടെ പേര്	പ്രൊജക്ട് നം.	വകയിരുത്തിയ തുക	പിൻവലിച്ച് നൽകിയ തുക	ട്രഷറി ബിൽനം.
ആശ്രയ പദ്ധതി	376/19	100000(വികസനഫണ്ട്)	100000	3/24.1.2019

പ്രൊജക്ടിൽ പ്രവർത്തനം സംബന്ധിച്ചുള്ള വിശദാംശമൊന്നും രേഖപ്പെടുത്തിയിട്ടില്ല. കുടുംബശ്രീയുടെ ആശ്രയ ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ 2018-19 വർഷം അവസാനിക്കുമ്പോൾ 1016148 രൂപ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക 2019-20 സാമ്പത്തികവർഷത്തിൽ അഗതിരഹിതകേരളം പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. മുൻബാക്കി ഉൾപ്പെടെ ബാങ്ക് അക്കൗണ്ടിലുള്ള തുകയിൽ നിന്നും ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം നൽകിവരുന്നുണ്ട്.
അവശേഷിക്കുന്ന തുകയിൽ 2018-19 വർഷത്തിൽ പിൻവലിച്ച് നിക്ഷേപിച്ച 100000 രൂപ കഴിഞ്ഞുള്ള തുകയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ പ്ലാൻ ഫണ്ട് തുക അവശേഷിക്കുന്നുണ്ടെങ്കിൽ എത്രയുണ്ടെന്നും മറ്റ് ഫണ്ടുകളുടെ വിശദാംശം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിക്ക് അവശേഷിക്കുന്ന തുക ജില്ലാമിഷനിൽ നിന്നും ലഭ്യമായ ചലഞ്ച് ഫണ്ടാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
രണ്ട് ഘട്ടങ്ങളിലായി ആശ്രയപദ്ധതി നടപ്പിലാക്കിയിട്ടും അഗതിരഹിതകേരളത്തിനായുള്ള സർവേപ്രകാരം 228 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കുന്നു. അഗതിരഹിതകേരളം പദ്ധതിപ്രകാരം സ്ഥലം, ഭവനം, ഭവന റിപ്പയർ, ലാട്രിൻ എന്നിങ്ങനെയുള്ള ക്ലേശഘടകങ്ങൾക്ക് അർഹരായ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഈ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച് ആനുകൂല്യം നൽകുകയാണ് ചെയ്തുവരുന്നത്. ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഗതി രഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ട 25 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 12 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-25 കറവപശു വാങ്ങൽ പദ്ധതി - തുക തിരികെ ഈടാക്കേണ്ടതാണ്
പ്രൊജക്ട്- കറവപശു വാങ്ങുന്നതിന് ധനസഹായം വനിത
നിർവഹണം - വെറ്റിനറി സർജൻ

ചെലവ് -
ബിൽ നമ്പർ - 1/26.12.18 – 180000

3/6.2.19 – 150000
5/23.3.19 – 105000

പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചവരിൽ രണ്ട് ഗുണഭോക്താക്കൾ അവരുടെ കുടുംബാംഗങ്ങളിൽ നിന്നും പശുവിനെ വാങ്ങിയതായി രേഖപ്പെടുത്തി ധനസഹായം കൈപ്പറ്റിയതായി പരിശോധനയിൽ കണ്ടെത്തി. അനർഹമായി അനുവദിച്ച സബ്സിഡി – 30000 രൂപ ഗുണഭോക്താവിൽ നിന്നോ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-26 പഞ്ചായത്തിലെ എൽ പി സ്കൂളുകളിൽ ഡിജിറ്റൽ ക്ലാസ് റൂം ഒരുക്കൽ- പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങി:

പ്രൊജക്ട്	218/19 പഞ്ചായത്തിലെ എൽ പി സ്കൂളുകളിൽ

	ഡിജിറ്റൽ ക്ലാസ് റൂം ഒരുക്കൽ
അടങ്കൽ	100000(മെയിന്റനൻസ് ഗ്രാന്റ്) (NR)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
ചെലവ്	99950 രൂപ
ബിൽ നം	4/26.3.19-99950 രൂപ
ഇൻവോയ്സ് നം	NPMB2C/5515//11.3.19

രണ്ട് സ്കൂളുകൾക്ക് എൽ ഇ ഡി ടെലിവിഷൻ, പെൻഡ്രൈവ്, പ്രിന്റർ എന്നിവയാണ് വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

ടെണ്ടർ ക്ഷണിച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ടെണ്ടർ നോട്ടീസിൽ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ LED TV 50 inch, pendrive, Laser jet printer എന്നിങ്ങനെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

സ്ഥാപനത്തിന്റെ പേര്	എൽ ഇ ഡി ടി.വി നിരക്ക്	പെൻ ഡ്രൈവ്	പ്രിന്റർ
നിസ്സൻ ഇൻഫോവേ	42000	1080(32 GB sandisk)	7000(brother laser printer
ആൽഫ ഇലക്ട്രിക്കൽസ്	49749	500(32 GB sandisk)	6900(brother laser printer)
എക്സൽ ബിസിനസ് സൊലൂഷൻസ്	39000(Panasonic LED 43inch)	385(32 GB sandisk)	8830(brother L2321D) laserjet printer
അക്ഷര എന്റർപ്രൈസസ്	52780(LLOYD 50 inches)	540(32 GB sandisk)	9200(brother L2321D) laser printer
കെ എസ് സെക്യുരിറ്റി സിസ്റ്റംസ്	ആകെ തുക 85000 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്		

8.10.2018 ന് ടെണ്ടർ തുറന്നതായി ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതിയുടെ 26.10.18 ലെ തീരുമാനം 5(5) പ്രകാരം "ഏറ്റവും നല്ല കോൺഫിഗറേഷനോടു കൂടിയതും കുറവ് നിരക്ക് രേഖപ്പെടുത്തിയതുമായ നിസ്സൻ ഇൻഫോവേ എന്ന സ്ഥാപനത്തിന്റെ

ടെണ്ടർ യോഗം അംഗീകരിക്കുകയും" ടി സ്ഥാപനത്തിന് 15.11.18 ന് സെലക്ഷൻ നേട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും ഈ പർച്ചേസ് സംബന്ധിച്ച് യാതൊന്നും പർച്ചേസ് കമ്മറ്റിയിൽ ചർച്ചചെയ്യുകയോ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രിന്റർ, പെൻഡ്രൈവ് എന്നിവക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള മറ്റ് സ്ഥാപനങ്ങളെ പരിഗണിച്ചിട്ടില്ല. പ്രിന്ററിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് ആൽഫ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവും പെൻഡ്രൈവിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് എക്സൽ ബിസിനസ് സൊലൂഷൻസ് എന്ന സ്ഥാപനവുമാണ്. പ്രിന്ററിന് ടെണ്ടർ സ്വീകരിച്ച സ്ഥാപനം തന്നെ കാട്ട് ചെയ്തിരിക്കുന്ന നിരക്ക് 7000 രൂപയാണ് . അംഗീകരിച്ച നിരക്കിനെക്കാൾ അധികരിച്ച നിരക്കിലാണ് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിൽ നിന്നും പ്രിന്റർ, പെൻഡ്രൈവ് എന്നിവയുടെ പർച്ചേസ് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകരിച്ച നിരക്കിൽ അധികരിച്ച് വാങ്ങൽ നടത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. നിസ്സൻ ഇൻഫോവേ എന്ന സ്ഥാപനത്തിൽനിന്നുള്ള പർച്ചേസ് ബില്ലിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ഇനം	നിരക്ക്	എണ്ണം	തുക	ടാക്സ് തുക
എൽ ഇ ഡി ടെലിവിഷൻ(HAIER 55”	25761.72	2	51523.44	SGST-9806.50 CGST-9806.50
പ്രിന്റർ (LASER HL_L232ID BROTHER	13559.32	2	27118.64	
പെൻഡ്രൈവ്(32 GB sandisk)	847.46	2	1694.92	
ആകെ			80337	

ടാക്സ് ഉൾപ്പെടെ ആകെ തുക-99950

ടെണ്ടർ തുറന്ന് സൂക്ഷ്മപരിശോധന നടത്തി ഓരോ സ്ഥാപനവും സമർപ്പിച്ച ടെണ്ടർ സംബന്ധിച്ചുള്ള വിശദാംശവും ഓരോ ഇനത്തിനും കാട്ട് ചെയ്ത നിരക്കും രേഖപ്പെടുത്തി ടാബുലേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല.

സ.ഉ (എം എസ്) നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ / ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല

പ്രൊക്യുർമെന്റ് ടീമിനാണെങ്കിലും ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ശരിയായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം.6/24.12.2020) 'ടെണ്ടർ സമർപ്പിച്ചവയിൽ 3 ഇനങ്ങൾക്കുമായി ആകെ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ളത് നിസ്സൻ ഇൻഫോവേ എന്ന സ്ഥാപനമാണ്. 3 ഇനങ്ങൾക്കും ഓരോ സ്ഥാപനവും നൽകിയ നിരക്ക് പരിശോധിച്ച് ഓരോ ഇനങ്ങൾക്കും വെവ്വേറെയായി പർച്ചേസ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലാണ് 3 ഇനങ്ങൾക്കും ഒരുമിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയത്' എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാനുവലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.
- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ cprcs പോർട്ടലിലൂടെയും 25000 രൂപയിൽ അധികരിച്ചുള്ള മറ്റ് സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM ൽ (Government e Marketplace) ലഭ്യമായിട്ടുണ്ടെങ്കിൽ GeM മുഖേനയും വാങ്ങേണ്ടതാണ്.

1-27 പാലിന് സബ്സിഡി പ്രോജക്ട്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു
നിർവഹണ ഉദ്യോഗസ്ഥൻ-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം.- 402/18-19

അടങ്കൽ,ചെലവ്-3,50000 (വികസന ഫണ്ട് (ജനറൽ) -100000 ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 200000, ജില്ലാ പഞ്ചായത്ത് വിഹിതം -50000)

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് പാലളവിനനുസരിച്ച് പരമാവധി 4 രൂപ സബ്സിഡി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയത് പ്രകാരം വികസന ഫണ്ട് 100000 രൂപ ഉപയോഗിച്ച് ചാമപ്പറമ്പ്, ചെത്തല്ലൂർ ക്ഷീര സംഘങ്ങളിലെ 133 കർഷകർക്ക് ഏപ്രിൽ,മെയ് മാസത്തെ പാലളവിന് സബ്സിഡി നൽകിയിരിക്കുകയാണ്എന്നാണ് ഫയലിനോപ്പം ആകെ ഹാജരാക്കിയ വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -200000 രൂപ ഉപയോഗിച്ച് 107 ഗുണഭോക്താക്കൾക്കും ജില്ലാ പഞ്ചായത്ത് വിഹിതം- 50000 രൂപ

ഉപയോഗിച്ച് 128 ഗുണഭോക്താക്കൾക്കും സബ്സിഡിയായി തുകകൾ ട്രഷറി വഴി ഗുണഭോക്താക്കളുടെ ബാങ്ക്അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

എന്നാൽ പ്രോജക്ട് ഫയലിനോടൊപ്പം ക്ഷീരോത്പാദന സംഘങ്ങളിൽ നിന്നുള്ള പാലളവ് സംബന്ധിച്ച സ്റ്റേറ്റ്മന്റ് ഹാജരാക്കിയിട്ടില്ല.പാലളവിന് ആനുപാതികമായോണോ സബ്സിഡി നൽകിയിട്ടുള്ളത്,ഏതൊക്കെ മാസംവരെയുള്ള പാലളവിനുള്ള സബ്സിഡികളാണ് നൽകിയിട്ടുള്ളത്,പരമാവധി ലിറ്ററിന് 4 രൂപയിൽ നിജപ്പെടുത്തിയാണോ നൽകിയിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ ആയതിനാൽ വ്യകതമല്ല.പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം14/29.12.2020) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് വിധോയമായി ചെലവ് തുക 350000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-28 വിനിയോഗരേഖകൾ ഹാജരാക്കേണ്ടതാണ്

1. ഓഡിറ്റ് വർഷത്തിൽ **സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി** താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി/പഞ്ചായത്ത് വിഹിതമായി പ്രവൃത്തി നടത്തുന്നതിന് പദ്ധതി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ രേഖകൾ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് -8/27.12.20 ന് മറുപടി ലഭ്യമായില്ല.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക
മണ്ണാർക്കാട് ബ്ലോക്ക്	PMAY വിഹിതം(418/19)	25/7.1.19	108000
KWA	ചെത്തല്ലൂർ മൃഗാശുപത്രിക്ക് സമീപം പൈപ്പ്ലൈൻ(421/19)	30/17.1.19	30000
KSEB,	വൈദ്യുതിലൈൻ മാറ്റൽ(SCP)-286/19	16/28.9.18	36447 (kumaramputhur-30817, sreekrishnapuram-5630)

2. സംയുക്ത പ്രൊജക്ടുകൾക്കുകൾക്ക് വിഹിതം നൽകുമ്പോൾ കരാർ വെയ്ക്കണ്ടതും പ്രവർത്തി പൂർത്തീകരിച്ച് സമയപരിധിക്കകം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് പ്രവർത്തികളുടെ നിർവഹണവും മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവർത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

2. **അസിസ്റ്റന്റ് എഞ്ചിനീയർ** നിർവ്വഹണ ഉദ്യോഗസ്ഥനായി 3 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റിക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഡെപ്പോസിറ്റ് ആയി ₹.310,000/- നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രൊ.നം./ പേര്	തുക/ ഫണ്ടിനം	ബിൽ നം./ തീയ്യതി
1	338/19: ചാമപ്പറമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ	100,000	53/30.10.18
2	341/19: കൂറ്റംപാറ റോഡിൽ നിന്നും തറയിൽ പള്ളി വരെ പൈപ്പ് ലൈൻ നീട്ടൽ	100,000	52/26.9.18
3	257/19: കലാലയം കൂരാക്കോട് റോഡിൽ പൈപ്പ് ലൈൻ മാറ്റൽ	110,000	94/31.12.18
	ആകെ	310000	

ഓഡിറ്റ് അന്വേഷണങ്ങൾ (നം.5/24-12-2020, 17/29-12-2020) എന്നിവയ്ക്കുള്ള മറുപടിയിൽ മേൽപ്പറഞ്ഞ 3 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ജല അതോറിറ്റിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടികൾ

സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

1-29 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

	സ്പിൽ ഓവർ	പുതിയത്	ആകെ
അംഗീകാരം ലഭിച്ചത്	75	170	245
പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത്	65	107	172

ചെലവഴിച്ച തുകയുടെ വിവരം:

ഫണ്ടിനം	അടങ്കൽ	ചെലവ്
വികസനഫണ്ട് (ജനറൽ)	203624	202907
വികസന ഫണ്ട് (എസ്.സി.പി)	6462081	3710198
ധനകാര്യ കമ്മീഷൻ അവാർഡ്	7832576	3475629
കേന്ദ്രാവിഷ്കൃത ഫണ്ട്	1200000	0
തനത് ഫണ്ട്	1475890	920959
മെയിന്റനൻസ് ഫണ്ട് (റോഡ്)	26255673	19443867
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	3727000	1878442
ആകെ	47156844	29632002

ഏറ്റെടുത്ത പ്രവൃത്തികളിൽ 70% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 63% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാനുവലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവൃത്തികൾക്ക് പ്രത്യേകം ഫണ്ട് ലഭിക്കില്ല എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് മുഴുവൻ ചെലവഴിക്കുകയും ചെയ്യേണ്ടതാണ്.

31.3.2019 വരെ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിലും സംരക്ഷിക്കുന്നതിലും 20.1.2017ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 166/2017/ത.സ്വ.ഭ.വ പ്രകാരം കേരള സർക്കാർ അംഗീകരിച്ച Manual for Asset Management in Local Self Government Institutions of Kerala ഖണ്ഡിക 7.6 പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

1-30 അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

i) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്കുവിറ്റി പ്ലാൻ, റോഡ് കണക്കുവിറ്റി ഭൂപടം ഇവ തയ്യാറാക്കിയിട്ടില്ല. മാർഗരേഖ ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളു എന്ന് മാർഗരേഖ നിർദ്ദേശിച്ചിട്ടുണ്ട്. തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം വരെയുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. 2019-20 വർഷത്തെ റോഡ് മെയിന്റനൻസ് പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത് ആസ്തി രജിസ്റ്റർ ആധാരമാക്കിയാണോ എന്നകാര്യം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3(1,2)/23-12-2020) അസിസ്റ്റന്റ് എഞ്ചിനീയർ 24.12.2020ന് സമർപ്പിച്ച മറുപടിയിൽ റോഡ് കണക്കുവിറ്റി പ്ലാൻ, റോഡ് കണക്കുവിറ്റി ഭൂപടം ഇവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് പരാമർശിച്ചിരിക്കുന്നത്.

റോഡ് കണക്കുവിറ്റി പ്ലാൻ, റോഡ് കണക്കുവിറ്റി ഭൂപടം ഇവ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ആസ്തിരജിസ്റ്ററിൽ റോഡുകളെ കുറിച്ചുള്ള ഭാഗത്ത് മുഴുവൻ വിവരങ്ങളും ചേർക്കേണ്ടതാണ്. മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിനെ ആധാരമാക്കേണ്ടതാണ്. 20.1.2017ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 166/2017/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച Annual Maintenance Planഉം മുൻഗണനാക്രമവും അനുസരിച്ച് മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ii) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 3(6)/23.12.2020 മറുപടിയിൽ BMBCനിലവാരത്തിലുള്ള റോഡ് പ്രവൃത്തികൾ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ചെയ്തിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

1-31 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത് 2018-19ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിലും ബോർഡ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ഇനി മുതൽ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടം അനുശാസിക്കുംപ്രകാരമുള്ള ബോർഡ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്.

1-32 ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാതെ അവസാന ബിൽ തുക അനുവദിച്ചത്- അധീകം നൽകിയ തുക തിരികെ ഈടാക്കണം
രണ്ട് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടെണ്ടർ വേരിയേഷൻ കുറവുചെയ്യാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ

കരാറുകാരന് അധികം നൽകിയ ₹785/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

1-33 മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല
കേരള പൊതുമരാമത്ത് മാനുവൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ വിവരം, ഖണ്ഡിക 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കറവപശു വാങ്ങൽ പദ്ധതി-തുക തിരികെ ഈടാക്കണം

പ്രൊജക്ട്- കറവപശു വാങ്ങുന്നതിന് ധനസഹായം വനിത നിർവഹണം - വെറ്റിനറി സർജൻ

	പ്ലാൻ (ജ)	ഗുണഭോക്ത്യവിഹിതം	ആകെ
അടങ്കൽ	600000	600000	1200000
ചെലവ്	435000	435000	870000

ചെലവ് - ബിൽ നമ്പർ - 1/26.12.18 – 180000

3/6.2.19 – 150000 5/23.3.19 – 105000

ബിൽ നമ്പർ 3/6.2.19 – 150000 പ്രകാരം ധനസഹായം അനുവദിച്ചവരിൽ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

	ഗുണഭോക്താവ്	റേഷൻ കാർഡ് നമ്പർ	പശുവിനെ വിറ്റ / വില കൈപ്പറ്റിയ വ്യക്തി	ബാങ്ക് അക്കൗണ്ട് നമ്പർ	റിമാർക്സ്
1	കദീജ w/o അബു അപ്പക്കണ്ടൻ, അപ്പകണ്ടൻ ഹൗസ്, കാരയിൽ പുറം , നാട്ടുകൽ വില്ലേജിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലത്തിന്റെ	1949037206	അബു അപ്പക്കണ്ടൻ, s/o- മൊയ്തീൻ അപ്പകണ്ടൻ ഹൗസ്, കാരയിൽ പുറം , നാട്ടുകൽ ആധാർ നമ്പർ - 672671657451	FDRL-16600100056570- account holder –	പശുവിനെ വിറ്റ വ്യക്തി ഗുണഭോക്താവിന്റെ ഭർത്താവാണ്. റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടുണ്ട്.

	ഉടമ- അബു അപ്പക്കണ്ടൻ S/o – മൊയ്തീൻ, അപ്പകണ്ടൻ ഹൗസ്, കാരയിൽ പുറം , നാട്ടുകൽ				
2	ദേവകി മാടംമ്പാക്കിൽ വീട്ട് കാരയിൽപുറം	1949036959	നാരായണൻ കുട്ടി.എം. s/o-ദേവകി മാടംമ്പാക്കിൽ വീട്ട് കാരയിൽപുറം	CNRB 1536101106050	പശുവിനെ വിറ്റ വ്യക്തി ഗുണഭോക്താവിന്റെ മകനാണ്. റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടുണ്ട്

സബ്സിഡി മാർഗരേഖ G.O(Ms)22/18/LSGD/14.2.18 ഖണ്ഡിക 6.2.പ്രകാരം പർച്ചേസ് നടപടിക്രമങ്ങൽ പാലിച്ച് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേരും ജനപ്രതിനിധിയും നിർവഹണഉദ്യോഗസ്ഥനും ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.
മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ ഭർത്താവ് / മകനിൽ നിന്നും പശുവിനെ വാങ്ങിയതായി രേഖപ്പെടുത്തിയാണ് 15000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുള്ളത്. പശുവിനെ വിറ്റ വ്യക്തിയായി രേഖപ്പെടുത്തി ഗുണഭോക്താവിന്റെ ഭർത്താവ്/ മകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് പദ്ധതി ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. പശുവിനെ മറ്റു വ്യക്തികളിൽ നിന്നാണ് വാങ്ങിയത് എന്നും വിറ്റ വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാലാണ് ഗുണഭോക്താവിന്റെ ഭർത്താവ് / മകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി അനുവദിച്ചത് എന്നുമാണ് വെറ്റിനറി സർജൻ ഓഡിറ്റ് എൻകൗയറിക്ക് – (10/28.12.20) മറുപടി നൽകിയത്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള- നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വിലചീട്ട്, രസീതി , സാക്ഷ്യപത്രം എന്നിവയിലെ പേര്, മേൽവിലാസം എന്നിവ പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾക്ക് പശുവിനെ നൽകിയത് കുടുംബാംഗങ്ങൾ തന്നെയാണെന്ന് വ്യക്തമാണ്. കൂടാതെ പശുവിനെ വിറ്റ വ്യക്തിക്ക് ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാലാണ് ഗുണഭോക്താവിന്റെ കുടുംബാംഗങ്ങളുടെ അക്കൗണ്ടിലേക്ക് തുക നൽകിയത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല.
അതിനാൽ മേൽപട്ടികയിലെ രണ്ട് ഗുണഭോക്താക്കൾക്കുായി അനുവദിച്ച സബ്സിഡി തുക 30000/- രൂപ നിരാകരിക്കുന്നു. തുക ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ

നിർവഹണുദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാതെ അവസാന ബിൽ തുക അനുവദിച്ചത്

1. താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബിൽ തുക അനുവദിച്ചപ്പോൾ ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാത്തതിനാൽ കരാറുകാരൻ അധികം തുക കൈപ്പറ്റിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നം/ പേര്	413/19: കരിങ്കല്ലത്താണി പൊതിയിൽ പാടം വെള്ളക്കുന്ന് റോഡ് പുനരുത്ഥാരണം
വകയിരുത്തിയ തുക/ ഫണ്ടിനം	400,000/- [391000 CFC & 9000 MG(R)]
ചെലവു തുക/ ബിൽ നം.	400,000/- [391000 Bill No.99/31.12.18 & 9000 Bill No.98/31.12.18]
എസ്റ്റിമേറ്റ് തുക	400,000/-
ടെണ്ടർ തുക	399600/- (.1% കുറവ്)
കരാർ നമ്പർ	75/14.9.18
അളവു പുസ്തകം	66/18-19
അധികം നൽകിയ തുക	₹.400/-
കരാറുകാരൻ	മുഹമ്മദ്. എം

2. താഴെ പറയുന്ന പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതാണ്. എസ്റ്റിമേറ്റിനേക്കാൾ കൂറഞ്ഞ നിരക്ക് കരാറുകാരൻ ഓരോ ഇനത്തിലും രേഖപ്പെടുത്തുകയായിരുന്നു. എന്നാൽ അളവു പുസ്തകത്തിൽ എസ്റ്റിമേറ്റ് നിരക്ക് തന്നെ രേഖപ്പെടുത്തി അവസാന ബിൽ നൽകിയതിനാൽ കരാറുകാരൻ അധികം തുക കൈപ്പറ്റിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നം/ പേര്	110/19: ആറാട്ടുകടവ് റോഡ് കോൺക്രീറ്റ്
എസ്റ്റിമേറ്റ് തുക/ ഫണ്ടിനം	600,000/- MG(R)
ചെലവു തുക/ ബിൽ നം.	600,000/- [300,000/- Bill No.114/31.12.18 & 300,000/-

	2019-00ൽ ആണ് മാറിയത്]
കരാർ നമ്പർ	95/14.11.18
അളവു പുസ്തകം	75/18-19
അധികം നൽകിയ തുക	₹.385.18
കരാറുകാരൻ	മുഹമ്മദ് ഷരീഫ്

ഓരോ ഇനത്തിലും രേഖപ്പെടുത്തിയ തുകയും അനുവദിച്ച തുകയും ചുവടെ കൊടുക്കുന്നു

ഇനം നമ്പർ	ഇനം	കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക്	അനുവദിച്ച നിരക്ക്	വ്യത്യാസം (₹)	ചെയ്ത അളവ്	അധികം നൽകിയ തുക
1	2.28.1 Surface Dressing	19/sqm	19.15/sqm	.15	352.5sqm	52.88
2	51.2.3 Filling with Quarry Muck	890/cum			0	0
3	16.42 CC 1:2:4	7550/cum	7553.97/cum	3.97	83.7cum	332.30
ആകെ അധികം നല്കിയത്						385.18

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/29-12-2020) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളിലുമായി അധികം നൽകിയ ₹785/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

3-3 മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കണം കേരള പൊതുമരാമത്ത് മാനുവൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ

ഈടാക്കേണ്ടതാണ്. പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പരും പേരും	354/19(345/18): ഉപ്പം കുന്ന് കുടിവെള്ള പദ്ധതി
അടങ്കൽ	₹100,000/- CFC
ചെലവ് തുക/ ചെക്ക് നമ്പർ	₹98700/- 174/23.3.19
ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം	₹98700/- 101/18-19
കരാർ നമ്പർ/ കരാർ തുക	119/3.1.18 ₹100000/-
കരാറുകാരൻ	പി. യൂസഫ്
PAC	₹99450/-
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി	2.7.18
പൂർത്തീകരിച്ച തീയ്യതി	27.2.19
പിഴ: 3.7.18 മുതൽ 17.8.18 വരെ	99450*1% = 995/-
പിഴ: 18.8.18 മുതൽ 2.10.18 വരെ	99450*2% = 1989/-
പിഴ: ആകെ	₹2984/-
ഈടാക്കിയ പിഴ	0
കുറവ്	₹2984/-

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടുന്നതിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഇത് കൈപ്പറ്റിയ അസിസ്റ്റന്റ് എഞ്ചിനീയറും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ശക്തമായ മഴയും സാമ്പത്തിക ബുദ്ധിമുട്ടുമാണ് കാല താമസത്തിന് കാരണമായി പറഞ്ഞത്. പ്രവൃത്തി ആരംഭിച്ച് 3 ദിവസം കൊണ്ട് തന്നെ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ നിർവ്വഹണ കാലതാമസത്തിനായി പറഞ്ഞ കാരണങ്ങൾ അംഗീകരിക്കാനാവുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ 20/30.12.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2018-19	85200	സ്കോളർഷിപ്പ്	85200	0
		250000	ഉഴവ്കൂലി	250000	0
	2018-19	944217	ഭവനം(ജ)	275100	669117
	2018-19	555100	ലൈഫ്(എസ്.സി.പി)	864217	-309117
		109059	ലൈഫ് (additional share-Gl)		109059
		150000	പാൽ സബ്സിഡി	200000	-50000
		300000	പാലിയേറ്റീവ് കെയർ	254522	45478
ജില്ലാ പഞ്ചായത്ത്		154750	ഉഴവ് കൂലി	154750	0
		50000	പാൽ സബ്സിഡി	50000	0
		818570	ലൈഫ് (ജ)	773898	44672
		2413153	ലൈഫ് (എസ്.സി.പി)	2375783	37370
		1380499	ഭവനം(എസ്.സി.പി)		1380499

വരവ് തുകകൾ ലെഡ്ജർ പ്രകാരവും ചെലവ് IKM സ്റ്റേറ്റ്മന്റ് പകാരവുമുള്ളതാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. സംയുക്ത പ്രൊജക്ടുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാംഖ്യ ലെഡ്ജറിൽ ചെലവ് തുക പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. ആകെ ചെലവായി JV entry മാത്രമാണുള്ളത്. ഇനം തിരിച്ച വിവരം ലഭ്യമല്ല. വാർഷികകണക്കിലെ B-4 പ്രകാരം 1955078 രൂപയാണ് ആകെ നീക്കിയിരുപ്പ്. വരവ് ചെലവ് കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ചില ഇനങ്ങളുടെ നീക്കിയിരുപ്പ് (-ve)ആണ്.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെല വഴിക്കാൻ ബാക്കിയുള്ള തുക
KWA	ചെത്തല്ലൂർ മൃഗാശു പത്രിക്ക് സമീപം പൈപ്പ് ലൈൻ (421/19)	30/17.1.19	30000		ലഭ്യമല്ല
KSEB,	വൈദ്യുതി ലൈൻ മാറ്റൽ(SCP) -286/19	16/28.9.18	36447 (kumaram puthur-30817, sreekrishna puram-5630)		

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് kurdfc(ലൈഫ് മിഷൻ ഭവനത്തിന്) വായ്പയിനത്തിൽ 15851002രൂപ വരവുണ്ട്. തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവനപദ്ധതി	532/10/ LSGD Dt.18-02-2010	5816082	741032	85000		656032

4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും നിലവിലില്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	95463732
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	85548524
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	35769
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	490000

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-18		2000	മല്ലിക, സെക്രട്ടറി
3-1		30000	ഡോ.ജയചന്ദ്രൻ പി.കെ, വെറ്റിനറി സർജൻ
3-2		785	ശ്രീമതി.ഷെലി.എം.കെ അസിസ്റ്റന്റ് എഞ്ചിനീയർ
3-3		2984	ശ്രീമതി.രമ്യ രത്നം അസിസ്റ്റന്റ് എഞ്ചിനീയർ
	ആകെ	35769	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	15000	സിഫി.പി, അസിസ്റ്റന്റ് സെക്രട്ടറി
1-27	350000	ശ്യാമ.എം.എ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ
1-20	125000	പി.സുരേഷ് ബാബു, സെക്രട്ടറി
ആകെ	490000	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. പി.കെ. ജയചന്ദ്രൻ, വെറ്റിനറി സർജൻ	പുതൂർ ഗ്രാമപഞ്ചായത്ത്	പറക്കുളത്തിങ്കൽ വീട് പനമണ്ണ, ഒറ്റപ്പാലം, പാലക്കാട് ജില്ല, പിൻ-679501
ഷെലി.എം.കെ, അസി. എഞ്ചിനീയർ	കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്	തിരുവാതിര സനാതനപുരം ആലപ്പുഴ- 688003
ശ്രീമതി.രമ്യ രത്നം അസിസ്റ്റന്റ് എഞ്ചിനീയർ		ചിലങ്ക അത്താണി പോസ്റ്റ് ആലുവ – 683583
ശ്യാമ.എം.എ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ	അവധി	മലമൽ വീട് കൂട്ടുപാടം പോസ്റ്റ് - 678583 പാലക്കാട് ജില്ല

പി.സുരേഷ് ബാബു, സെക്രട്ടറി	തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്	പക്കത്ത് വീട് അലനല്ലൂർ - 678601
മല്ലിക, സെക്രട്ടറി	ചോരനല്ലൂർ ഗ്രാമ പഞ്ചായത്ത്	സൗഗന്ധികം, ചേരനല്ലൂർ പോസ്റ്റ് - 682034
പി.സിഫി, അസിസ്റ്റന്റ് സെക്രട്ടറി	ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്ത്	ഉഷസ്, പേരൂർ, കൊല്ലം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	L.F.P-(9)/1334/07/28.7.08	എല്ലാ ഖണ്ഡികകളും.
1997-98	L.F.P-(9)/1335/07/28.7.08	എല്ലാ ഖണ്ഡികകളും.
1998-99	L.F.P-(9)/1336/07/28.7.08	എല്ലാ ഖണ്ഡികകളും.
1999-00	L.F.P-(9)/1337/07/28.7.08	എല്ലാ ഖണ്ഡികകളും.
2000-01	L.F.P-(9)/1338/07/28.7.08	എല്ലാ ഖണ്ഡികകളും.
2001-02	L.F.P-(9)/1339/07/28.7.08	എല്ലാ ഖണ്ഡികകളും.
2002-03	L.F.P-(9)/427/09/7.12.09	എല്ലാ ഖണ്ഡികകളും.
2003-04	L.F.P-(9)/428/09/7.12.09	എല്ലാ ഖണ്ഡികകളും.
2004-05	L.F.P-(9)/429/09/7.12.09	എല്ലാ ഖണ്ഡികകളും.
2005-06	L.F.P-(9)/430/09/7.12.09	എല്ലാ ഖണ്ഡികകളും.
2006-07	L.F.P-(9)/431/09/7.12.09	എല്ലാ ഖണ്ഡികകളും.
2007-08	L.F.P-(9)/1971/11/16.12.11	എല്ലാ ഖണ്ഡികകളും.
2008-09	L.F.P-(9)1972/11/16.12.11	എല്ലാ ഖണ്ഡികകളും.
2009-10	L.F.P-(9)/1973/11/16.12.11	എല്ലാ ഖണ്ഡികകളും.
2010-11	L.F.P-(9)/1350/13/16.12.13	എല്ലാ ഖണ്ഡികകളും.
2011-12	L.F.P-(9)/2258/14/24.3.15	എല്ലാ ഖണ്ഡികകളും.
2012-13	KSA-PKD 9/1114/15/dt.5.10.2015	എല്ലാ ഖണ്ഡികകളും.
2013-14	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2014-15	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2015-16	KSA-PKD 9/120/2017Dt.31.1.2017	എല്ലാ ഖണ്ഡികകളും.
2016-17	KSA-PKD 9/1744/2017 dt. 08.11.2017.	എല്ലാ ഖണ്ഡികകളും.
2017-18	KSA-PKD 9/470/2019/20-06-2019	എല്ലാ ഖണ്ഡികകളും.

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

അനുബന്ധം-1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി21/997/2019(74)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ** 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. Capital Work in progress എന്ന ശീർഷകത്തിൽ തുകകൾ ഇല്ല. എന്നാലും B3യും B11 ഉം തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(വ്യത്യാസം - 8877809രൂ.). തനത് ഫണ്ടിൽ നിന്നും Capital Contributionനിലേക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമല്ല.

2. RP 32 ൽ ചേർത്തിരിക്കുന്ന ലോൺ തുകയിൽ നിന്നും വ്യത്യസ്തമായ തുകയാണ് RP45ൽ ചേർത്തിരിക്കുന്നത്.

3. വാർഷിക ധനകാര്യ പത്രിക (I-1) പ്രകാരം തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ് 958730 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 963480 ആണ്.

4. വസ്തു നികുതി: സഞ്ചയ സോഫ്റ്റ്വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

5. സചിത്ര സോഫ്റ്റ്വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(74)

KeralaStateAuditDepartment

District Audit Office, Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Thachanattukara Grama Panchayath for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, / Section 295 of the Kerala Municipal Act 1994, the rules made there under and the guidelines issued by the Controller and Auditor General of India for the certification of accounts of Panchayath Raj Institutions/ Municipality/ corporations.

In my opinion the financial statement of Thachanattukara for the year 2018-19 subject to observations in the annexure, properly presents the picture of Income , Expenditure and Closing balance.

Deputy Director

Annexure

Abstracts of Defects / Descrepancies

1. Difference of Rs. 8877809 exists between B3 & B11. Documents relating to Capital contribution from Own fund were not produced for verification.
2. Difference exists b/w RP 32 and RP 45 regarding loan amount.
3. As per AFS Demand of Profession Tax (Employees) is Rs. 958730, as per register is 963480.
4. The amount of property tax as shown in the AFS are not in agreement witH SANCHAYA.
5. Sachithra software not linked with Sankhya. Hence correctness of asset value recorded in the AFS could not be verified.

Deputy Director

അനുബന്ധം-2
പത്രികകൾ

Thachanattukara GramaPanchayat BALANCE SHEET			
For the period from 01-April-2018 to 31-March-2019			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-4468049.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	43885836.00
	Total Reserve & Surplus		**39417787.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	6505845.00
	Total Grants, Contributions for Specific Purposes		**6505845.00**
	Loans		
330000000	Secured Loans	B-5	16507034.00
	Total Loans		**16507034.00**
	Current Liabilities & Provisions		

340000000	Deposits Received	B-7	360294.00
350000000	Other Liabilities	B-9	1003701.00
	Total Current Liabilities and Provisions		**1363995.00**
	TOTAL LIABILITIES		**63794661.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	60122549.00
411000000	Accumulated Depreciation	B-11	-25114522.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		**35008027.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	920119.00
440000000	Pre-paid Expenses	B-16	16507034.00
450000000	Cash and Bank Balance	B-17	9915208.00
460000000	Loans, Advances and Deposits	B-18	1444273.00
	Total Current Assets, Loans and Advances		**28786634.00**

Other Assets	
Miscellaneous Expenditure (To the Extent not written off)	
TOTAL ASSETS	**63794661.00**

Thachanattukara Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3712280.00
140000000	Fee & User Charges	I-4(b)	765292.00
150000000	Sale & Hire Charges	I-5(b)	506854.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	128312768.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	81671.00
180000000	Other Income	I-9	9700.00
	Total Income		**133388565.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	8088466.00

220000000	Administrative Expenses	I-11(b)	1270878.00
230000000	Operations & Maintenance	I-12(b)	3314540.00
240000000	Interest & Finance Charges	I-13	394.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	3344205.00
251000000	Decentralised Plan Programme-Service Sector	I-14(a)	44171007.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	2873195.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	841290.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	42937152.00
255000000	Maintenance Projects	I-14(e)	17935415.00
272000000	Depreciation	I-17(a)	25114522.00
	Total Expenditure		**149891064.00**
	Gross Surplus/ Deficit of income over Expenditure		**-16502499.00**
280000000	Prior Period Item	I-18	253899.00
	Gross Surplus/Deficit of Income over Expenditure after prior period items.		**-16756398.00**
290000000	Transfer to Reserve Funds	I-18(a)	0.0

Thachanattukara Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	2154265.00
Cash	Cash	RP-40(a)	37321.00
	Operating		
110000000	Tax Revenue	RP-1	958730.00

140000000	Fees & User Charges	RP-4	706142.00
150000000	Sale & Hire Charges	RP-5	506854.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	56964221.00
171000000	Interest Earned	RP-9	87853.00
311000000	Earmarked Funds	RP-29	50000.00
320000000	Grants, Funds & Contributions for Specific Purposes	RP-31	11727962.00
350000000	Other Liabilities	RP-36	166191.00
431000000	Sundry Debtors (Receivables)	RP-43	0.0
	Non Operating		
170000000	Income from Investments	RP-8	0.0
180000000	Other Income	RP-10	0.0
330000000	Secured Loans	RP-32	15851002.00
340000000	Deposits Received	RP-34	234208.00
350000000	Other Liabilities	RP-36	192299.00
431000000	Sundry Debtors (Receivables)	RP-43	5561923.00
440000000	Pre-paid Expenses	RP-45	210000.00
460000000	Loans, Advances and Deposits	RP-47	54761.00
	Grand total		**95463732.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3498793.00
220000000	Administrative Expenses	RP-12	1120232.00
230000000	Operations & Maintenance	RP-13	3154540.00
250000000	Decentralised Plan Programme-Productive Sector	RP-15	3282205.00
251000000	Decentralised Plan Programme- Service Sector	RP-16	19935785.00
252000000	Decentralised Plan Programme-Infrastructure Sector	RP-17	2013048.00
253000000	Decentralised Plan Programme-Projects not included in Sector Division	RP-18	403206.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	407452.00

255000000	Maintenance Projects	RP-20	17935415.00
320000000	Grants, Funds & Contributions for Specific Purposes	RP-31	283459.00
350000000	Other Liabilities	RP-36	3457706.00
	Non Operating		
240000000	Interest & Finance Charges	RP-14	394.00
330000000	Secured Loans	RP-32	85000.00
340000000	Deposits Received	RP-34	88413.00
350000000	Other Liabilities	RP-36	1370800.00
410000000	Fixed Assets	RP-38	8660042.00
412000000	Capital work in Progress	RP-40	3175102.00
440000000	Pre-paid Expenses	RP-45	16061002.00
460000000	Loans, Advances and Deposits	RP-47	615930.00
	Closing Balance		
Bank	Bank	RP-40(b)	9815545.00
Cash	Cash	RP-40(b)	99663.00
	Grand Total		**95463732.00**